ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ലണ്ടനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi to hold talks with his British counterpart Keir Starmer in London today; PM received a warm welcome on his arrival, last evening.**

2) വർഷകാല സമ്മേളനത്തിൻറെ നാലാം ദിവസവും പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം; ഇരുസഭകളിലും നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.

   **Both the houses of Parliament adjourned till 2 PM following the ruckus created by the Opposition over various issues.**

3) ദേശീയ സഹകരണ നയം 2025 കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും.

   **Union Home and Cooperation Minister Amit Shah to launch National Cooperative Policy 2025 in New Delhi today.**

4) ഇന്ന് കർക്കടകവാവ്. പിതൃമോക്ഷ പുണ്യം തേടി ബലി തർപ്പണ കേന്ദ്രങ്ങളിൽ എത്തിയത് പതിനായിരങ്ങൾ.

   **Karkadaka Vavu Bali, the significant Hindu ritual held in memory of departed ancestors, commenced in Kerala during the early hours today.**

5) ചൈനീസ് പൗരന്മാർക്കുള്ള ടൂറിസ്റ്റ് വിസ -അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം പുനഃരാരംഭിച്ച് ഇന്ത്യ.

**India to resume issuing tourist visas to Chinese nationals today, after a gap of 5 years.**

6) മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ, ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങ് ഉച്ച തിരിഞ്ഞ് പുനരാരംഭിക്കും.

**In Cricket, India will resume their first innings against hosts England on Day two of the fourth test of the Anderson–Tendulkar Trophy series at Old Trafford in Manchester today**

********************

## HEADLINE – 1

**PM - UK VISIT**

ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ലണ്ടനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പ്രതിരോധം, വ്യാപാരം, സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചകൾ നടക്കും. ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവെക്കും. ബ്രിട്ടീഷ് വിപണിയുടെ സമസ്ത മേഖലകളിലും, ഇന്ത്യൻ ഉത്പന്നങ്ങൾക്ക് വ്യാപാര സാധ്യത ഉറപ്പുവരുത്തുന്ന കരാറിലൂടെ തീരുവയിളവുകളും ലഭ്യമാകും. ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനെയും ശ്രീ മോദി സന്ദർശിക്കും. വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ നാളെ മാൽദീവ്സിൽ എത്തുന്ന പ്രധാനമന്ത്രി പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. ശനിയാഴ്ച നടക്കുന്ന, മാൽദീവ്സ് 60-ാം സ്വതന്ത്ര്യ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയാകും.

********************

## HEADLINE – 2

**LS - ADJOURN**

വർഷകാല സമ്മേളനത്തിൻറെ നാലാം ദിനമായ ഇന്നും പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളിലും നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവും, മറ്റ് വിഷയങ്ങളും ഉയർത്തി സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം മുദ്രാവാക്യങ്ങളുമായി രംഗത്തെത്തി. ചോദ്യോത്തര വേള തടസ്സപ്പെടുത്തരുതെന്ന് സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം പിൻവാങ്ങിയില്ല. സഭയുടെ അന്തസ്സ് ഉയർത്തുന്ന രീതിയിൽ വേണം അംഗങ്ങൾ പെരുമാറേണ്ടതെന്നും സ്പീക്കർ പറഞ്ഞു. പ്രതിപക്ഷം പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ, സഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവയ്ക്കുകയായിരുന്നു. രാജ്യസഭയിലും സമാന രീതിയിലുള്ള പ്രതിഷേധമാണ് ഉണ്ടായത്. കാലാവധി പൂർത്തിയാക്കിയ ആറ് രാജ്യസഭാംഗങ്ങളുടെ യാത്രയയപ്പിന് രാജ്യസഭ ഇന്ന് സാക്ഷ്യം വഹിച്ചു. രാജ്യസഭാംഗമായുള്ള ഉജ്വൽ നികമിൻറെ സത്യപ്രതിജ്ഞയും സഭയിൽ ഇന്ന് നടന്നു.

********************

**Hardeep singh (Intro)**

രാജ്യത്തുടനീളം ശുദ്ധോർജ്ജ ലഭ്യത വിപുലീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. സിഎൻജി, പിഎൻജി പ്രകൃതി വാതക വിതരണത്തിൽ രാജ്യം വൻ പുരോഗതി കൈവരിച്ചതായും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ മറുപടി നൽകി. രാജ്യത്തെ എൽപിജി കണക്ഷനുകളുടെ എണ്ണം 14 കോടിയിൽ നിന്ന് 33.4 കോടിയായി ഉയർന്നെന്നും ശ്രീ ഹർദീപ് സിംഗ് പുരി അറിയിച്ചു.
(ഹോൾഡ്)

********************

## HEADLINE – 3

**AMIT SHAH - COOPERATIVE POLICY**

ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തെ അടുത്ത രണ്ട് ദശകം കൊണ്ട് പുതിയ ഉയരങ്ങളിലെത്തിക്കാൻ ലക്ഷ്യമിടുന്ന ദേശീയ

സഹകരണ നയം 2025 കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന ആശയത്തിലൂന്നി, മേഖലയുടെ ആധുനികവൽക്കരണം ഇതിലൂടെ ലക്ഷ്യമിടുന്നു. സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന തല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖയായിരിക്കും പുതിയ നയം. സഹകരണ സ്ഥാപനങ്ങളെ ഭാവിയിലേക്ക് സജ്ജമാക്കാൻ ലക്ഷ്യമിട്ടുള്ള നയം മുൻ കേന്ദ്ര മന്ത്രി സുരേഷ് പ്രഭു അധ്യക്ഷനായ 48 അംഗ സമിതിയാണ് തയ്യാറാക്കിയത്.

*********************

## HEADLINE – 5

**INDIA CHINA**

ചൈനീസ് പൗരന്മാർക്കുള്ള ടൂറിസ്റ്റ് വിസ അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇന്ത്യ പുനഃരാരംഭിച്ചു. ഓൺലൈൻ അപേക്ഷയും ആവശ്യമായ രേഖകളും ബീജിംഗ്, ഷാങ്ഹായ്, ഗ്വാങ്ഷോ എന്നിവിടങ്ങളിലെ ഇന്ത്യൻ വിസ അപേക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് നൽകാവുന്നതാണെന്ന് ബീജിംഗിലെ ഇന്ത്യൻ എംബസി അറിയിച്ചു. 2020-ൽ ഗാൽവാൻ താഴ്‌വരയിലുണ്ടായ സംഘർഷത്തെത്തുടർന്ന് മോശമായ ബന്ധം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ഇരു രാജ്യങ്ങൾക്കുമിടയിൽ പുരോഗമിക്കുന്നതിനിടെയാണ് പുതിയ തീരുമാനം. കൈലാസ്- മാനസരോവർ തീർത്ഥാടനം പുനരാരംഭിച്ചതിന് പിന്നാലെയാണ് പുതിയ നടപടി. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന 34-ാമത് ഇന്ത്യ-ചൈന അതിർത്തി കാര്യ സമിതി യോഗം, അതിർത്തി പ്രദേശങ്ങളിലെ സ്ഥിതിഗതികൾ അവലോകനം ചെയ്തിരുന്നു.

*********************

## HEADLINE – 4

**KARKIDAKA VAVU (INTRO)**

ഇന്ന് കർക്കടകവാവ്. സംസ്ഥാനത്തെ ബലിതർപ്പണ കേന്ദ്രങ്ങളിൽ പിതൃ മോക്ഷം തേടി പതിനായിരങ്ങളാണ് എത്തുന്നത്. ആലുവ മണപ്പുറം, പെരുമ്പാവൂർ ചേലാമറ്റം, വയനാട്

തിരുനെല്ലി, വരയ്ക്കൽ കടപ്പുറം, തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രം, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, പമ്പ ത്രിവേണി, തുടങ്ങിയ ഇടങ്ങളിൽ പിതൃതർപ്പണ കർമങ്ങൾ നടക്കുന്നുണ്ട്. ശക്തമായ നീരൊഴുക്കുള്ളതിനാൽ പത്തനംതിട്ടയിൽ പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ജാഗ്രത നിർദേശം നൽകി. ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദീതീരങ്ങളിലും പാപനാശം, പയ്യാമ്പലം ഉൾപ്പടെയുള്ള കടലോരങ്ങളിലും ബലി തർപ്പണത്തിനെത്തുന്നവർ ജാഗ്രത പുലർത്തണം. തിരുവനന്തപുരം ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ആയിരക്കണക്കിന് പേരാണ് ഇന്ന് ബലിതർപ്പണത്തിനെത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........

(ഹോൾഡ് വോയ്സ്)

********************

## PENSION DISTRIBUTION

ജൂലൈ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം നാളെ ആരംഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 831 കോടി രൂപ അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്.

********************

## SC STAYS BOMBAY HC ORDER

2006 മുംബൈ ട്രെയിൻ സ്ഫോടനക്കേസിലെ 12 പ്രതികളെയും വിട്ടയച്ച ബോംബെ ഹൈക്കോടതിവിധി സുപ്രീം കോടതി സ്റ്റേ ചെയ്തു. വിധി ചോദ്യം ചെയ്ത് മഹാരാഷ്ട്ര സർക്കാർ സമർപ്പിച്ച അപ്പീലിലാണ് നടപടി. വിധിയെത്തുടർന്ന് ജയിൽ മോചിതരായ പ്രതികൾ കീഴടങ്ങണമെന്ന ആവശ്യം സർക്കാരിനില്ലെന്നും, മഹാരാഷ്ട്രയ്ക്ക് വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത വ്യക്തമാക്കി. എന്നാൽ, ഹൈക്കോടതി വിധിയിലെ ചില നിരീക്ഷണങ്ങൾ മറ്റ് കേസുകളിലെ വിചാരണകളെ ബാധിക്കുമെന്നതിനാലാണ് വിധി സ്റ്റേ ചെയ്യണമെന്ന ആവശ്യവുമായി സർക്കാർ സുപ്രീംകോടതിയെ സമീപിച്ചത്.

*********************

**Gujarat ATS**

അൽ-ഖ്വെയ്ദ ബന്ധമുള്ള നാല് ഭീകരരെ ഗുജറാത്ത്- ആൻറി ടെററിസം സ്ക്വാഡ് അറസ്റ്റ് ചെയ്തു. കള്ളപ്പണ ശൃംഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ് അറസ്റ്റിലായത്. സമൂഹമാധ്യമത്തിലൂടെ ഇവർ ഭീകരവാദ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നതായും എ.റ്റി.എസ് മേധാവി സുനിൽ ജോഷി പറഞ്ഞു.

*********************

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും നാളെ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

*********************

## HEADLINE – 6

**IND VS ENG**

മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ, ഇംഗ്ലണ്ടിനെതിരെ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ ഭേദപ്പെട്ട നിലയിൽ. 4 വിക്കറ്റ് നഷ്ടത്തിൽ 264 റൺസ് എന്ന നിലയിലാണ് ആദ്യ ദിനം ഇന്ത്യ കളി അവസാനിപ്പിച്ചത്. സായ് സുദർശന്റെയും യശ്വസി ജയ്സ്വാളിന്റെയും അർധസെഞ്ചുറിയുടെ മികവിലാണ് ഇന്ത്യയുടെ സ്കോർ 250 കടന്നത്. മത്സരം ഇന്ന് ഉച്ച തിരിഞ്ഞ്, ഇന്ത്യൻ സമയം 3.30ന് പുനരാരംഭിക്കും. 5 മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇംഗ്ലണ്ട് 2-1ന് മുന്നിലാണ്.

*********************

**BADMINTON- CHINA OPEN**

ചാങ്ഷൗവിൽ നടക്കുന്ന ചൈന ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പിവി സിന്ധു ജപ്പാന്റെ ടോമോക

മിയാസാക്കിയെ പരാജയപ്പെടുത്തി പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. മറ്റൊരു മത്സരത്തിൽ സ്കോട്ടിഷ് താരത്തെ വീഴ്ത്തി പ്രീ ക്വർട്ടറിൽ ഇടംപിടിച്ച, ഇന്ത്യയുടെ ഉന്നതി ഹൂഡയാണ് ഇന്നത്തെ മത്സരത്തിൽ സിന്ധുവിൻറെ എതിരാളി.

*********************

## WEATHER - KERALA

കേരളത്തിൽ ശക്തമായ മഴ തുടരും. ഇന്ന് എട്ടു ജില്ലകളിൽ കേന്ദ്രകാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*********************

## Bangladesh Former Chief

ബംഗ്ലാദേശ് മുൻ ചീഫ് ജസ്റ്റിസ് ഖൈറുൾ ഹഖിനെ അറസ്റ്റ് ചെയ്ത് ധാക്കാ പോലീസിൻറെ ഡിറ്റക്ടീവ് ബ്രാഞ്ച്. അറസ്റ്റിൻറെ പിന്നിലെ കാരണം പോലീസ് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. 2010-2011 കാലയളവിൽ ബംഗ്ലാദേശിൻറെ ചീഫ് ജസ്റ്റിസായിരുന്ന ഖൈറുൾ ഹഖ്. ജുഡീഷ്യറിയുടെയും, ജനാധിപത്യത്തിൻറെയും അധ:പതനത്തിന് കാരണക്കാരനെന്നാരോപിച്ച്, അറസ്റ്റ് ആവശ്യവുമായി നാഷണലിസ്റ്റ് ലോയേഴ്സ് ഫോറം കഴിഞ്ഞ ദിവസം രംഗത്ത് വന്നിരുന്നു.

*********************

## IRAN- IAEA VISIT

അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ സാങ്കേതിക സംഘത്തിന് സന്ദർശനാനുമതി നൽകി ഇറാൻ . ഇസ്രായേലിന്റെയും യുഎസിന്റെയും ആക്രമണത്തിൽ ഇറാനിലെ ആണവ കേന്ദ്രങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും തുടർ നടപടിക്രമങ്ങൾ ചർച്ച ചെയ്യുന്നതിനുമാണ് സംഘമെത്തുന്നത്. ഇറാൻ ആണവ സമ്പുഷ്ടീകരണം തുടരുമെന്ന് ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി കാസിം ഗരിബാബാദി വ്യക്തമാക്കി.

********************

*************